പ്പെടുകയോ/സൈനിക സേവനംമൂലം സ്ഥിരമായ അംഗവൈകല്യം സംഭവിച്ച് സൈനിക സേവനത്തിൽനിന്നും വിരമിച്ചവരോ ആയവരുടെ അടുത്ത ആശ്രിതർക്കും ഈ നിയമനത്തിൽ ഇളവു നൽകിയിട്ടുണ്ട്.

(ബി) മേൽ വിവരിച്ച വിഭാഗത്തിൽ ഉൾപ്പെടുന്നവരൊഴികെ എല്ലാ വിഭാഗം ജീവനക്കാർക്കും ബാധകമാണ്.

(സി) ഇല്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) ബാധകമാണ്.

(എഫ്) അതെ.

(ജി) ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

60 (686) ബി.ഡി.ഒ. മാരുടെ നിയമനം

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ തസ്തികയിൽ നേരിട്ട് നിയമനം നടത്തുന്നതിനായി പി.എസ്.സി. അവസാനമായി അപേക്ഷ ക്ഷണിച്ചത് എന്നാണ്; എത്ര ഒഴിവുകൾക്കു വേണ്ടിയാണ് അപേക്ഷ ക്ഷണിച്ചിരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഒഴിവുള്ള തസ്തികയിൽ നിയമനം നടത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 28.1.92-ലെ ഗസറ്റ് വിജ്ഞാപന പ്രകാരമാണ് അപേക്ഷ ക്ഷണിച്ചത്. ഒഴിവുകളുടെ എണ്ണം കണക്കാക്കപ്പെട്ടിട്ടില്ല എന്നാണ് പ്രസ്തുത വിജ്ഞാപനത്തിൽ പറഞ്ഞിരുന്നത്. എന്നാൽ ഇപ്പോൾ നേരിട്ടുള്ള നിയമനത്തിന് 30-ഉം തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് 22-ഉം ഒഴിവുകളുണ്ട്.

(ബി) പ്രസ്തുത തസ്തികയ്ക്കുള്ള നിയമനത്തിനായി 25.11.98-ന് നടത്തിയ പ്രാഥമിക എഴുത്തുപരീക്ഷയുടെ ഫലം 31.3.99-ൽ പ്രസിദ്ധീകരിച്ചു. തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പൂർത്തിയായി കഴിവതുംവേഗം നിയമന ശുപാർശ നൽകുന്നതിനായി പി.എസ്.സി. നടപടികൾ സ്വീകരിച്ചുവരുന്നു.

61 (687) സഹകരണ ബാങ്കുകളിലേയ്ക്ക് പി.എസ്.സി. വഴിയുള്ള നിയമനം

ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. വി. ബാലറാം :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സഹകരണ ബാങ്കുകളിലേയ്ക്ക് പി.എസ്.സി. വഴി നിയമനം നടത്തുമ്പോൾ നിലവിലുള്ള അൻപത് ശതമാനം സാമുദായിക സംവരണം പാലിക്കേണ്ടതില്ലെന്ന നയപരമായ തീരുമാനം ഗവൺമെന്റ് കൈക്കൊണ്ടിട്ടുണ്ടോ;

(ബി) ഇത്തരം ഒരു തീരുമാനം ഗവൺമെന്റ് പി.എസ്.സി.യെ അറിയിച്ചിട്ടുണ്ടോ;

(സി) പ്രാഥമിക സഹകരണസംഘങ്ങളിലെ ജീവനക്കാർക്ക് 50 ശതമാനം സംവരണം ഏർപ്പെടുത്തണമെന്ന കാര്യത്തിൽ ഗവൺമെന്റ് നിർദ്ദേശം പി.എസ്.സി. എപ്പോഴെങ്കിലും നിരസിച്ചിട്ടുണ്ടോ;

(ഡി) സാമുദായിക സംവരണ പ്രശ്നം, പ്രാഥമിക സഹകരണ സ്ഥാപന ജീവനക്കാരുടെ സംവരണ പ്രശ്നത്തോടൊപ്പം പി.എസ്.സി.യെ അറിയിക്കാതിരുന്നതിന്റെ കാരണം വിശദമാക്കുമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ യൂണിയൻ വഴിയും നേരിട്ടും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും നിയമിച്ചിട്ടുള്ള താൽക്കാലികക്കാരെ നിലനിർത്തുന്നതിന്റെ ഭാഗമായി ഇത്തരത്തിൽ പി.എസ്.സി. നിയമനം നീട്ടിക്കൊണ്ടു പോകുന്നതെന്ന ആരോപണത്തെക്കുറിച്ച് ഗവൺമെന്റിന്റെ അഭിപ്രായം വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി)സഹകരണ നിയമമനുസരിച്ച് സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കു മാത്രം 10 ശതമാനം സാമുദായിക സംവരണം നിലവിലുണ്ട്.

(സി) ഇക്കാര്യത്തിൽ പി.എസ്.സി. വിയോജിപ്പ് പ്രകടിപ്പിച്ചിരുന്നു. എന്നാൽ ടി സംവരണത്വം പാലിക്കണമെന്ന് സർക്കാർ പി.എസ്.സി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ഒഴിച്ചുള്ള സാമുദായിക സംവരണം സഹകരണ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാലാണ്.

(ഇ) നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടകാലം മുതലുള്ള എല്ലാ ഒഴിവുകളിലേയ്ക്കും സ്ഥിരം നിയമനം നടത്തുന്നത് പി.എസ്.സി. വഴി മാത്രമായിരിക്കും.

62 (688) സമാന തസ്തികകളിലെ നിയമനം

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമാന തസ്തികകളിലെ നിയമനത്തിന് സമാന ലിസ്റ്റുകളിൽനിന്നും നിയമനം നടത്തണമെന്ന് സർക്കാർ പി.എസ്.സി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിക്കുന്ന സർക്കാർ ഉത്തരവിന്റെ ഒരു പ്രതി മേശപ്പുറത്തു വയ്ക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly